# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.57** **29.01.2019-ൽ മറുപടിക്ക്**

## ദീൻ ദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജന

| | ചോദ്യം<br>ശ്രീ. എം. നൗഷാദ്<br>" ഒ. ആർ. കേളു<br>" വി. കെ. സി. മമ്മത് കോയ<br>" മുരളി പെരുനെല്ലി | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഗ്രാമീണ മേഖലയിലെ ഭവനങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിനും വൈദ്യുതി വിതരണ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി ദീൻ ദയാൽ ഉപാധ്യായ ഗ്രാമജ്യോതി യോജന എന്ന കേന്ദ്രാവിഷ്കൃത പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | മറ്റ് എന്തെല്ലാം പ്രവൃത്തികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത പദ്ധതിയിൽ താഴെ പറയുന്ന പ്രവൃത്തികൾ ഉൾപ്പെടുത്തിയിരിക്കുന്നു.<br>1) പാർലമെന്റ് അംഗങ്ങൾ സമഗ്രവികസനത്തിനായി സൻസദ് ആദർശ് ഗ്രാമ യോജനയിൽ (SAGY) ഉൾപ്പെടുത്തിയിട്ടുള്ള വില്ലേജുകളിലെ വൈദ്യുതി പ്രവൃത്തികൾ<br>2) കേടായതും പഴയതുമായ മീറ്ററുകൾ മാറ്റി പുതിയവ സ്ഥാപിക്കുക, ട്രാൻസ്ഫോർമർ മീറ്ററുകൾ വയ്ക്കുക, ഫീഡർ മീറ്ററുകൾ വയ്ക്കുക തുടങ്ങിയവ<br>3) ബി.പി.എൽ കണക്ഷനുകൾ അനുബന്ധ പ്രവൃത്തികൾ ഉൾപ്പെടെ ചെയ്ത് സൗജന്യമായി നൽകുക<br>4) ഗ്രാമപ്രദേശങ്ങളിലെ ഉപ-പ്രസരണ വിതരണ ശൃംഖലയുടെ ശാക്തീകരണ പ്രവൃത്തികൾ |
| (സി) | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ വീടുകൾക്ക് സൗജന്യ വൈദ്യുതി കണക്ഷൻ നൽകുന്നതിന് എന്തെല്ലാം വ്യവസ്ഥകളാണ് ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | ഗ്രാമീണ മേഖലയിലെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളാണ് പദ്ധതിയിൽപെടുന്നത് എന്നാൽ പദ്ധതി പ്രകാരം കേരളത്തിന് അനുവദിച്ച ടാർജറ്റ് പ്രകാരമുള്ള മുഴുവൻ കണക്ഷനുകളും ഇതിനകം നൽകി കഴിഞ്ഞിട്ടുണ്ട്. |

Hemalatha

സെക്ഷൻ ഓഫീസർ